# സംസ്ഥാനസർക്കാർ സംഭരിച്ച പച്ചത്തേങ്ങ വാങ്ങാൻ നാഫെഡിന് കേന്ദ്ര നിർദേശം

**കോഴിക്കോട്:** സംസ്ഥാന സർക്കാർ കൃഷിഭവൻവഴി കിലോയ്ക്ക് 16 രൂപയ്ക്ക് വാങ്ങിയ പച്ചത്തേങ്ങ കൊപ്രയാക്കി നല്കിയാൽ ക്വിൻറലിന് 5,250 രൂപയ്ക്ക് സംഭരിക്കാൻ നാഫെഡിന് കേന്ദ്രസർക്കാർ നിർദേശം നൽകി.

ഇതുസംബന്ധിച്ച ഉത്തരവ് കൊച്ചിയിലും കോഴിക്കോട്ടുമുള്ള നാഫെഡ് ഓഫീസുകളിൽ തിങ്കളാഴ്ച ലഭിച്ചു.

നാഫെഡ് നേരത്തേ കൊപ്രയ്ക്ക് താങ്ങുവിലയായി ക്വിൻറലിന് 5,250 രൂപ പ്രഖ്യാപിച്ചപ്പോൾ പച്ചത്തേങ്ങക്ക് കിലോഗ്രാമിന് 14.25 രൂപയാണ് സംഭരണ വിലയായി നിശ്ചയിച്ചത്. ഇതേ വേളയിലാണ് സംസ്ഥാനസർക്കാർ കേരകർഷകരെ സഹായിക്കാനായി പച്ചതേങ്ങയ്ക്ക് കിലോയ്ക്ക് നാഫെഡിനെക്കാൾ 1.75 രൂപ അധികം വില നിശ്ചയിച്ച് കൃഷിഭവൻ വഴി സംഭരിച്ചത്. പച്ചത്തേങ്ങ സംഭരണത്തിന് മൊത്തം 30 കോടി രൂപ സംസ്ഥാന സർക്കാർ നീക്കിവെച്ചിരുന്നു.

നാലുമാസത്തോളം ഉയർന്ന വിലയിൽ പച്ചത്തേങ്ങ സംഭരിച്ചു. സംസ്ഥാന സർക്കാർ സംഭരിച്ച പച്ചതേങ്ങ കൊപ്രയാക്കി ക്വിൻറലിന് 5,250 രൂപയ്ക്ക് നാഫെഡ് സംഭരിക്കാൻ തയ്യാറായിരുന്നില്ലെങ്കിൽ സംസ്ഥാനസർക്കാറിന് ഈ ഇനത്തിൽ പത്ത് കോടിയോളം രൂപ നഷ്ടം വരുമായിരുന്നു. മൊത്തം 38,000 ടൺ പച്ചതേങ്ങയാണ് കൃഷിഭവൻ വഴി സംഭരിച്ചത്.